# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2295

## 12-02-2020 ൽ മറുപടിക്ക്

## കിഫ്ബിയിൽ സി.ആന്റ്എ.ജി. (ഡി.പി.സി.) ആക്ട് പ്രകാരമുള്ള ആഡിറ്റ്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സി.ആന്റ്എ.ജി.(ഡി.പി.സി.) ആക്ട് സെക്ഷൻ 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുവാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് സി.ആന്റ്.എ.ജി സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തീയതികളിലെന്ന് അറിയിക്കാമോ; | ഉണ്ട്. 15/03/2018, 02/08/2018, 11/02/2019 & 24/10/2019 എന്നീ തീയതികളിൽ ഈ വിഷയം സംബന്ധിച്ച എ.ജിയുടെ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ 20(2) വകുപ്പ് പ്രകാരമുള്ള ആഡിറ്റിംഗിന് സി.ആന്റ്.എ.ജി.-ക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | കിഫ്ബിയുടെ എല്ലാ വരവു ചെലവുകളും C&AG ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടു തവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി&എജി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2) ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി&എജി ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act |
| (സി) കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ആഡിറ്റ് നടത്തുന്നത് കിഫ്ബിയുടെ നിലവിലുള്ള ഏതെങ്കിലും പ്രവർത്തനത്തെ ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവർത്തനത്തെയെന്ന് വ്യക്തമാക്കുമോ; | |
| (ഡി) കിഫ്ബിയിൽ സി.ആന്റ്.എ.ജി.യുടെ സെക്ഷൻ 20(2) പ്രകാരമുള്ള സമഗ്ര ആഡിറ്റ് നടത്തിയാൽ നിക്ഷേപകർക്ക് അത് തെറ്റായ സന്ദേശം നൽകുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനം എന്താണെന്ന് അറിയിക്കുമോ? | |

| | |
|---|---|
| | സെക്ഷൻ 14(1) പ്രകാരം സി&എജിയുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിങ് ആണ് എന്നുള്ളത് സി&എജിയുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിനു പ്രസക്തിയില്ല. |

**സെക്ഷൻ ഓഫീസർ**